# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## വട്ടംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം10/2567/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/12/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വട്ടംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം10/2567/25

തീയ്യതി: 30/12/2025

# മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-09-2024 മുതൽ 20-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. അശ്റഫ് പെരുമ്പള്ളി, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2025 | 29-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|
| 21-10-2025 | 29-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.മുഹമ്മദ് ഫാറൂഖ് കെ.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷജീർ. കെ, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ. മൊയ്തീൻ ഫാസിൽ. കെ ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എ നജീബ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.രാജലക്ഷ്മി. സി.ബി | സെക്രട്ടറി | 01-04-2024 | 21-08-2024 |
| ശ്രീ.റെജി കെ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-08-2024 | 05-10-2024 |
| ശ്രീ.രാജേഷ്. ആർ | സെക്രട്ടറി | 06-10-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീ (വ |
|---|---|---|---|
| ശ്രീ. റെജി. കെ.ആർ | അസി.സെക്രട്ടറി | 01-04-2024 | 21 2 |
| ശ്രീ. രജീഷ്. ടി.എസ് | അസി.സെക്രട്ടറി | 22-10-2024 | 31 2 |
| ഡോ.പാമി. ടി മാളിയേക്കൽ | വെറ്ററിനറി സർജൻ | 01-04-2024 | 20 2 |

| | | | |
|---|---|---|---|
| ഡോ.മായ | വെറ്ററിനറി സർജൻ | 21-07-2024 | 31 2 |
| ശ്രീ.സുരേന്ദ്രൻ എം.പി | കൃഷി ഓഫീസർ (ഇൻചാർജ്ജ്) | 01-04-2024 | 09 2 |
| ശ്രീമതി. നേഷ്വ. സി.പി | കൃഷി ഓഫീസർ | 10-07-2024 | 10 2 |
| ശ്രീ.സുരേന്ദ്രൻ എം.പി | കൃഷി ഓഫീസർ (ഇൻചാർജ്ജ്) | 11-12-2024 | 12 2 |
| ശ്രീ. വിഷ്ണുദാസ് ടി.എൻ | കൃഷി ഓഫീസർ | 13-12-2024 | 31 2 |
| ഡോ.മുഹമ്മദ് ഫസൽ | മെഡിക്കൽ ഓഫീസർ(അലോപ്പതി)) | 01-04-2024 | 31 2 |
| ഡോ.റിയ മുഹമ്മദ് | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-04-2024 | 31 2 |
| ശ്രീ. സജിത്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31 2 |
| ശ്രീമതി.അമത ഗോപൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2024 | 31 2 |
| ശ്രീമതി.ബിന്ദുമോൾ വി.കെ | ഹെഡ് മിസ്ട്രസ്സ് | 01-04-2024 | 31 2 |
| ശ്രീ.ശ്രീജിത്ത്. എസ്.ആർ | വി.ഇ.ഒ (വട്ടംകുളം സർക്കിൾ) | 01-04-2024 | 02 2 |
| ശ്രീമതി. രാജേശ്വരി പി.എസ് | വി.ഇ.ഒ (വട്ടംകുളം സർക്കിൾ) ഇൻചാർജ്ജ് | 03-09-2024 | 31 2 |
| ശ്രീമതി. രാജേശ്വരി പി.എസ് | വി.ഇ.ഒ (മുതൂർ സർക്കിൾ) | 01-04-2024 | 31 2 |
| ശ്രീ.റഫീക് ടി.ഐ.എം | അസി. എഞ്ചിനീയർ | 01-04-2024 | 09 2 |
| ശ്രീമതി. സ്വാതി പി.എം | അസി. എഞ്ചിനീയർ(ഇൻ. ചാർജ്ജ്) | 10-10-2024 | 05 2 |
| ശ്രീ.ജെ. സുരേഷ് കുമാർ | അസി. എഞ്ചിനീയർ | 06-11-2024 | 13 2 |

| | | | |
|---|---|---|---|
| ശ്രീമതി. സ്വാതി പി.എം | അസി. എഞ്ചിനീയർ(ഇൻ. ചാർജ്ജ്) | 14-01-2025 | 26 2 |
| ശ്രീമതി. ഗ്ലോറിയ എലിസമ്പത്ത് തോമസ് | അസി. എഞ്ചിനീയർ | 27-03-2025 | 31 2 |
| ശ്രീമതി.കൃഷ്ണേന്ദു മോഹൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 09 2 |
| ശ്രീമതി.സ്വപ്ന ടി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-08-2024 | 11 2 |
| ശ്രീമതി. നീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-08-2024 | 31 2 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | മുഴുവൽ ബാങ്കുകളുടേയും ബാങ്ക് സ്റ്റേറ്റ്മന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-4 |
| 6 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 1-1-5 |
| 7 | ബാങ്ക് അക്കൗണ്ട് വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-6 |
| 8 | റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റ് തയ്യാറാക്കിയിട്ടില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് ചെയ്ത തുകകൾ നാളിത് വരെ ക്ലിയർ ചെയ്തിട്ടില്ല. | 1-1-8 |
| 10 | ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക എന്താവശ്യത്തിനാണെന്ന് വ്യക്തമല്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 20 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-11 |
| 21 | ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ | 1-12 |
| 22 | ഹോമിയോ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു | 1-13 |
| 23 | ഫിസിയോ തെറാപ്പി ഉപകരണങ്ങൾ - തുക അടവാക്കി ലഭ്യമായില്ല | 1-14 |
| 24 | ലാപ്ടോപ്പ് വാങ്ങിയതിലെ അപാകത | 1-15 |
| 25 | പി.എച്ച്സിയിലേക്ക് മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു | 1-16 |
| 26 | ബാങ്ക് സ്റ്റേറ്റ്മെന്റും ബാങ്ക് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-17 |
| 27 | സബ്സെന്ററുകൾ പെയിന്റിംഗ് നടത്തിയതിലെ അപാകത | 1-18 |
| 28 | ഹോമിയോ ആശുപത്രിയുടെ എച്ച്.എം.സി വാർഷിക കണക്കുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-19 |
| 29 | ബയോ കമ്പോസ്റ്റർ ബിൻ വിതരണം പദ്ധതി-അപാകതകൾ. | 1-20 |
| 30 | നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്കും പ്രൊജക്ട് രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല | 1-21 |
| 31 | ഐ.ഇ.സി പ്രോഗ്രാം പദ്ധതി- ചെലവ് രേഖകൾ ,മറ്റ് അപാകതകൾ | 1-22 |
| 32 | വട്ടംകുളം PHC - 2019-20 മുതലുള്ള HMC വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചില്ല | 1-23 |
| 33 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല/ പുരോഗതിയില്ല | 1-24 |
| 34 | അംഗനവാടി സ്മാർട്ടാക്കൽ പദ്ധതി അപാകതകൾ | 1-25 |
| 35 | അനധികൃതമായി ഹോണറേറിയം കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല. | 1-26 |
| 36 | പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-27 |

| | | |
|---|---|---|
| 37 | ബിന്നുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 38 | അഡ്വാൻസ് നൽകിയ തുകക്കുള്ള മരുന്ന് ലഭ്യമായില്ല. | 1-29 |
| 39 | വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-30 |
| 40 | നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി | 1-31 |
| 41 | ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി | 1-32 |
| 42 | മൃഗാശുപത്രിക്ക് ലാപ്ടോപ്പ്- സ്റ്റോക്കെടുപ്പ്, വാറണ്ടി- അപാകത | 1-33 |
| 43 | മരാമത്ത് പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അധികനിരക്ക് നൽകി | 1-34 |
| 44 | മരാമത്ത് പ്രവൃത്തികൾ -പൂർത്തീകരണ കാലാവധി ദീർഘീകരണം- പിഴ ഈടാക്കിയില്ല- | 1-35 |
| 45 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടണം | 1-36 |
| 46 | തൊഴിലുറപ്പ് മെറ്റീരിയൽ പ്രവൃത്തി - സിമെന്റിന് അധിക നിരക്ക് നൽകി | 1-37 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-2 |
| 3 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം. | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വട്ടംകുളം ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.07.2025 തീയതിയിലെ 1 നം. തീ അംഗീകരിച്ച് 31.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനക അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായ വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഇ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തര

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാ ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധന വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓ ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെ ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡി കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തു ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് ന വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരി ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വട്ടംകുളം ഗ്രാമ പഞ്ചായത്തിന്റെ 2024-2 വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂ**
**കേരള സംസ്ഥാ**
**ജില്ലാ ഓഡിറ്റ് കാ**

മലപ്പുറം
തീയതി : 30/12/2025

## <u>1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്ക് ഉൾപ്പെട്ടിട്ടില്ല.</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുക പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രിക മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' ആയി രേ തുകയും (6467951/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Finar (A+B+C)' ആയി രേഖപ്പെടുത്തിയ തുകയും (-3233131/-) തുല്യമല്ല.

## 1-1-3 മുഴവൽ ബാങ്കുകളുടേയും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ട

പഞ്ചായത്തിന്റെ മുഴവൻ ബാങ്കുകളുടേയും ബാങ്ക് സ്റ്റേറ്റ്മെന്റോ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റോ പരി ഹാജരാക്കാത്തതിനാൽ വാർഷിക കണക്കിലെ RP 40(A), RP 40(B) യിലെ തുകകളുടെ കൃത്യത പര സാധിച്ചിട്ടില്ല. വിശദ വിവരം ഖണ്ഡിക നമ്പർ 1-17 ൽ നൽകിയിട്ടുണ്ട്.

## 1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ ആസ്തിക രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും വാർഷിക ധനകാര്യ പത്രികയിലെ B11-(E) Annual Plan – Cap (Infrastructure Sector) എന്ന ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ആസ്തിയുടെ മൂല്യങ്ങളുടെ കൃത്യത പരിശേ സാധിക്കുന്നില്ല.

## 1-1-5 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. അഡ്വാൻസ് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ B-7 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.
2.ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ലോൺ രജിസ്റ്റർ മുതലായ രജിസ്റ്ററുകളൊന്നും ശരിയായ രീതിയിൽ എഴു രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധി

## 1-1-6 ബാങ്ക് അക്കൗണ്ട് വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

ബാങ്കിന്റേതായി പഞ്ചാബ് നാഷനൽ ബാങ്കിലുള്ള അക്കൗണ്ടിൽ (A/C No:4268000100062355) 19 നീക്കിയിരിപ്പ് ഉണ്ട്.എന്നാൽ ആയതിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-7 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ചില ബാങ്കുകളുടെ വാർഷിക കണക്ക് RP 40(B) പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുപ്പെന്നില്ല, ആയത് വ്യത്യാസം പൊരുത്തപ്പെടുത്തി റീകൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. വിശദ വിവരം ഖണ്ഡിക നമ്പർ 1-17 ൽ നൽകിയിട്ടുണ്ട്.

## 1-1-8 ഡെപ്പോസിറ്റ് ചെയ്ത തുകകൾ നാളിത് വരെ ക്ലിയർ ചെയ്തിട്ടില്ല.

ചില ബാങ്കുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്കിലൂടെ ഡെപ്പോസിറ്റ് ചെയ്ത തുകക ക്ലിയർ ചെയ്തിട്ടില്ല. വിശദ വിവരം ഖണ്ഡിക നമ്പർ 1-17 ൽ നൽകിയിട്ടുണ്ട്.

## 1-1-9 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക എന്താവശ്യത്തിനാണെന്ന് വ്യക്തമല്ല

കേരള ഗ്രാമീൺ ബാങ്കിന്റെ (A/C N0:40225110100047) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 442/- രൂപയും 01.12.2023 ന് 8500/- രൂപയും ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തതായി കാണുന്നു. ആയ ആവശ്യത്തിനാണെന്ന് വ്യക്തമല്ല.

## 1-2 ബജറ്റ്

| 2024-25ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2024-25ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/09.02.2024 | 1(2)/12.03.2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 72819928 |
| വരവ് | 124545526 |
| ആകെ | 197365454 |
| ചെലവ് | 118077575 |
| നീക്കിയിരിപ്പ് | 79287879 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ ലാപ്സായ തു (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20679926 | 20679926 | 20677205 | 272 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 11404214 | 11404214 | 11404214 | |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 16356000 | 16356000 | 9270148 | 708585 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 6531000 | 6531000 | 4186467 | 234453 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 11733211 | 11733211 | 3968164 | 776504 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 5203449 | 5203449 | 3796202 | 140724 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്ത പ്രേ ക ശത |
|---|---|---|---|---|---|---|
| 310 | 267703486 | 161 | 99438113 | 0 | 149 | 51 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7517 | 2114526 | 2122043 | 2122043 | ( |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 32850455 | 32850455 | 32850455 | ( |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളു എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2574400 | 153 |
| വിധവാപെൻഷൻ | 21590600 | 1413 |
| വാർദ്ധക്യകാലപെൻഷൻ | 48819200 | 3361 |
| വികലാംഗപെൻഷൻ | 6969300 | 438 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1481400 | 97 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശേ ന് രാവിലെ 02.02 PM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ ( പരിശോധനയിൽ 8063 /- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. മാസ്റ്റർ ഇൻക്യൂബൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2. ആസ്തി രജിസ്റ്ററിൽ സ്ഥാപനത്തിന്റെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/2022 | 01/22,02/22,03/22 | 30/05/2022 |
| എ.ജി ഓഡിറ്റ് | 12-05-2008 To 24-05-2008 | 2007-2008 | 04/07/2008 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ മെച്ചപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ ഗ്രാമപഞ്ചായത്തുകൾക്ക് 6

അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചം സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.202 ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 202 വാർഷിക ഓഡിറ്റിന്റെ ഭാഗമായി വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയു ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി നം.01/24-25/21.10.2025 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടി, പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കു

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം, ഇനം തിരി

| വർഷം | <u>സ്കീം -1</u><br>Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | <u>സ്കീം - 3</u><br>Grants For Specific Purposes - Health Grant Towards Support For Diagnostic<br>InfraStructure To The PHCs | <u>സ്കീം - 4</u><br>Grants For Specific Health Grant Conversion Of PI Subcentres In To H Wellness Centres |
|---|---|---|---|
| 2021-22 | 0 | 0 | 0 |
| 2022-23 | 0 | 264733 | 135000 |
| 2023-24 | 2775000 | 1122000 | 536668 |
| 2024-25 | 0 | 1035828 | 1052295 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 |
|---|---|---|---|
| 2021-22 | 0 | 0 | 0 |
| 2022-23 | 0 | 88056 | 56332 |
| 2023-24 | 0 | 555172 | 146905 |

| | | | |
|---|---|---|---|
| 2024-25 | 0 | 461742 | 284030 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയി
വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 |
|---|---|---|---|
| 2024-25 | 2775000 | 750763 | 833733 |
| പലിശ | 112970 | 40135 | 18028 |
| ആകെ | 2887970 | 790898 | 851761 |

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര്. | ചെലവ് തുക |
|---|---|---|
| 2022-23 | 266/23, ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 56332 |
| 2022-23 | 265/23,ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ | 88056 |
| 2023-24 | 225/24, ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ- | 133705 |
| | 212/24, ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 13200 |
| 2023-24 | 224/24,ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ | 555172 |
| 2024-25 | 211/25, ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 284030 |

| | | |
|---|---|---|
| 2024-25 | 212/24,ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ | 461742 |

5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വി

ഇല്ല.

<u>ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി.</u>

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രോജക്ടുകൾ പൊതുവെ തൃപ്തികരമായി നടപ്പാക്കിയിട്ടു കുറിപ്പ്: എൻക്വയറി നം.01/24-25/21.10.2025 ന് നൽകിയ മറുപടിയും ബാങ്ക് സ്റ്റേറ്റ്മെന്റും പരിശേ തുകകൾ ചേർത്തിട്ടുള്ളത്. മേൽ സ്കീമുകളിലായുള്ള നീക്കിയിരിപ്പ് തുക വാർഷിക കമക്ക് B-4 ലെ ന പൊരുത്തപ്പെടുന്നില്ല.

## <u>1-12 ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ</u>

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024ഓടുകൂടി കുടിവെള്ള കണക്ഷൻ നൽകുന്നതിനായി സർക്കാറുകൾ 50:50 നിരക്കിൽ ഫണ്ട് ഉപയോഗിച്ചുകൊണ്ട് സംയുക്തമായി നടപ്പിലാക്കുന്നതാണ് ജ പദ്ധതി. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15% വും ഗുണഭോക ആണെന്ന് നിശ്ചയിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ പദ്ധതിയുടെ ഫ സംബന്ധിച്ച്, ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിന്റെയും ഓഡിറ്റ് എൻക്വയറിക്ക് (നം.02/24 ലഭിച്ച മറുപടിയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരം താഴെ കൊടുക്കുന്നു.

1) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ 10% ഗ്രാമപഞ്ചായ 10%, ഗുണഭോക്തൃ വിഹിതമായ 15% എന്നിവ ഗ്രാമപഞ്ചായത്ത് നാളിതുവരെ കൈമാറിയിട്ടില്ല.

2) ഗുണഭോക്തൃ വിഹിതമിനത്തിൽ ഗ്രമപഞ്ചായത്ത് തുക പിരിച്ചെടുത്തിട്ടില്ല.
3) ജൽജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതമിനത്തിൽ നാളിതു വരെ തുക ലഭിച്ചിട്ടില്ല.

4) ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. കേരള വാട്ടർ പഞ്ചായത്തിനെ ജലജീവൻ പദ്ധതിയെ കുറിച്ച് അറിയിക്കുകയോ എസ്റ്റിമേറ്റ് തയ്യാറാക്കു ഏർപ്പെടുകയോ ചെയ്തിട്ടില്ല എന്നാണ് തുക വകയിരുത്താത്തതിന് കാരണമായി സെക്രട്ടറി അറിയിച്ചി

5)ജൽജീവൻ മിഷൻ പദ്ധതിക്കായി ക്രമ നമ്പറിൽ രേഖപ്പെടുത്തിയ കാരണത്താൽ 2021-2025 കാ വകയിരുത്തിയിട്ടില്ല എന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.
6) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ നിന്ന് നാളിത് വരെ പണം ലഭ്യമായിട്ടില്ല എന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

## <u>1-13 ഹോമിയോ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു</u>

1.മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ചുവടെ കൊടുത്ത പദ്ധതി പ്ര ലഭ്യമാക്കുന്നതിനായി ഹോംകോയിലേക്ക് പണം അനുവദിച്ചിട്ടുണ്ട്.എന്നാൽ ഇനിയും മരുന്ന അവശേഷിക്കുന്നു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ട്: ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ(37/25)

അടങ്കൽ: 400000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്: 2415125203520135577 4/20.02.2025 തുക 400000/-

പ്രൊഫോമ നമ്പർ: PRF 1313/14.02.2025 തുക 400000/-

ലഭ്യമായ മരുന്നുകളുടെ വിവരം

ഇൻവോയ്സ് നമ്പർ: LF-3071/24.03.25 തുക 183507/-

ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക: 216493/-

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകാൻ എടുത്ത നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2. 2024-25 വർഷത്തിൽ മെഡിക്കൽ ഓഫീസർ(ഹോമിയോ) നിർവ്വഹണം നടത്തിയ പ്രൊ (ഹോമിയോ ആശുപത്രിയിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ), പ്രൊജ (ഗവ.ഹോമിയോഡിസ്പെൻസറി കണ്ടിജന്റ് ചെലവുകൾ) എന്നിവയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.
മരുന്നുകൾ ലഭ്യമാകാൻ എടുത്ത നടപടി വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഫിസിയോ തെറാപ്പി ഉപകരണങ്ങൾ - തുക അടവാക്കി ലഭ്യമായില്ല

പ്രൊജക്ട്: എഫ്.എച്ച്.സി കെട്ടിടത്തിലേക്ക് ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങിക്കൽ(386/2

അടങ്കൽ : 170000 (തനത് ഫണ്ട്)

ചെലവ് : 169763 (തനത് ഫണ്ട്)

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നത്തിയ മേൽ പദ്ധതിയിലേക്കായി ഫ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനായി സെൻട്രൽ സർജിക്കൽസ് തൃശ്ശൂർ (ഇൻവോയ്സ് നമ്പർ: 3246 സ്ഥാപനത്തിന് 13157/- രൂപയും കെ.എം.എസ്.സി.എല്ലിന് പ്രൊഫോമ ഇൻവോയ്സ് നമ്പർ പ്രകാരം 156606/- രൂപയും നൽകിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.കെ.എം.എസ്.സി.എല്ലിന് ഫിസിയോ തെറാപ്പി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലേക്കാ ഇൻവോയ്സ് നമ്പർ 147/24.03.2025 പ്രകാരം 156606/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2.എഫ്.എച്ച്.സിയിൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം നിലവിൽ ലഭ്യമല്ല. കൂടാതെ സബ് സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രാകരം എഫ്.എച്ച്.സിയിൽ തദ്ദേശ ഈവനിംഗ് ഒ.പിയിലേക്ക് ഡോക്ടറേയും ഫാർമസിസ്റ്റിനേയും ലാബ് ടെക്നീഷ്യനേയും നിയമിക്കാം ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കാവുന്നതായി കാണുന്നില്ല, എന്നിരിക്കെ മേൽ ഉപകര ഉപയോഗപ്പെടുത്തും എന്നുള്ളത് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/23.10 മറുപടിയിൽ കെ.എം.എസ്.സി.എല്ലിൽ നിന്ന് ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരി ഗുണഭോക്താക്കളിൽ നിന്ന് ഫീസ് ഈടാക്കി ഫിസിയോതെറാപ്പി സെന്ററിന് വാങ്ങിയ ഉപയോഗ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കി ഫിസിയോതെറാ പ്രവർത്തനം ഉറപ്പാക്കി വിവരം അറിയിക്കുന്നത് വരെ ചെലവ് തുക 156606/- രൂപ തടസ്സം ചെയ്യുന്നു.

## 1-15 ലാപ്പ്ടോപ്പ് വാങ്ങിയതിലെ അപാകത

പ്രൊജക്ട് : മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലാപ്പ്ടോപ്പ്(30/25)

അടങ്കൽ : 90000 (പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് : 73180 (പൊതുവിഭാഗം സാധാരണ വിഹിതം)

ബി.ആർ.എൻ : 241512520385015504l2/15.03.25 തുക 73180

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്കായി വി കുന്ദംകുളം എന്ന സ്ഥാപനത്തിൽ നിന്ന് 36590 രൂപ നിരക്കിൽ രണ്ട് ലാപ്പ്ടോപ്പുകൾ ജെമ്മിലൂടെ

പ്രകാരം വാങ്ങൽ നടത്തിയിട്ടുണ്ട്.

| ഇൻവോയ്സ് നം. | ഉപകരണം | അനുവദിച്ച തുക |
|---|---|---|
| VCC/4883/13.03.25 | Lap Acer/13th/16gb/512gb/ | 36590 |
| VCC/4882/13.03.25 | Lap Acer/13th/16gb/512gb/ | 36590 |
| ആകെ തുക | | 73180 |

ജെമ്മിലൂടെ 50000/- രൂപക്ക് മുകളിലുള്ള ഉപകരണങ്ങൾ വാങ്ങൽ നടത്തുമ്പോൾ വിവിധ സ്ഥാ കംപെയർ ചെയ്ത് കുറഞ്ഞ നിരക്ക് കാണിച്ചിട്ടുള്ള സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തേണ്ട ദിവസം വാങ്ങൽ നടത്തിയ ലാപ്പോപ്പുകൾ ഓരോന്നായി നേരിട്ട് വാങ്ങൽ നടത്തുകയാണ് ചെയ്ത വാങ്ങിയ ലാപ്പോപ്പുകളുടെ സ്പെസിഫിക്കേഷൻ യോഗ്യതയുള്ള ഉദ്യോഗസ്ഥൻ (ഇലക്ട്രോണി പി.ഡബ്ല്യു.ഡി വിംഗ്) ഉറപ്പ് വരുത്തിയതായി കാണുന്നില്ല

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/23.1 ലഭ്യമാക്കിയിട്ടില്ല.റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാ

## 1-16 പി.എച്ച്സിയിലേക്ക് മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

പ്രൊജക്ട് : ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (22/25)

അടങ്കൽ : 700000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : 700000 (ധനകാര്യ കമ്മീഷൻ അവാർഡ്)
വൗച്ചർ നമ്പർ: 22400999 /29-12-2024 തുക 191725/-
22401276 /04-03-2025 തുക 508275/-

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേ വാങ്ങിക്കുന്നതിലേക്കായി പ്രൊഫോമ ഇൻവോയ്സ് നമ്പർ 1994/14.11.2024 പ്രകാരം 191725/- രൂ ഇൻവോയ്സ് നമ്പർ 27909/04.01.25 പ്രകാരം 508275/- രൂപയും കെ.എം.എസ്.സി.എല്ലിലേക്ക ആയതിൽ കെ.എം.എസ്.സി.എല്ലിലേക്ക് അനുവദിച്ച 191725/- രൂപയുടെ മരുന്നുകൾ ഇത് വരെ ആയത് ലഭ്യമാക്കാനെടുത്ത നടപടി വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എ 12/23.10.2025 ന് നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാകാനുള്ള നടപടികൾ സ്വീക അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ബാങ്ക് സ്റ്റേറ്റ്മെന്റും ബാങ്ക് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1. വാർഷിക കണക്ക് RP 40(B) പ്രകാരം ചുവടെ കൊടുത്ത ബാങ്ക് അക്കൗണ്ടുകൾ പഞ്ചായത്തിന്റേ ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റോ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റോ പരിശോധനക്ക് ഹാജരാക്കിയി

| ക്രമനം | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | RP 40(B) പ്ര 31.03.2025 നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | പഞ്ചാബ് നാഷനൽ ബാങ്ക് | 4268000100062490 | 8833 |
| 2 | പഞ്ചാബ് നാഷനൽ ബാങ്ക് | 6250 | 512 |
| 3 | യൂനിയൻ ബാങ്ക് | 703202010007289 | 222453 |
| 4 | ടി.എസ്.ബി അക്കൗണ്ട് | 715121400000004 | 3354 |
| 5 | ഫണ്ട് ഇൻ ബാങ്ക് അക്കൗണ്ട് ലോൺ ആന്റ് അഡ്വാൻസ് | ലഭ്യമല്ല | 100000 |
| 6 | നാഷനലൈസ്ഡ് ബാങ്ക് ഓഫ് ഓൺ റെവന്യൂ ഫണ്ട് | ലഭ്യമല്ല | 466639 |

2. ഗ്രാമ പഞ്ചായത്തിന്റേതായി ബാങ്കിന്റേതായി പഞ്ചാബ് നാഷനൽ ബാങ്കിലുള്ള അക No:4268000100062355) 19014/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ട്.എന്നാൽ ആയതിന്റെ വിവരം വാ ഉൾപ്പെട്ടിട്ടില്ല.

3.കേരള ഗ്രാമീൺ ബാങ്കിന്റെ(A/C No:40225101071148) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ31.0 നമ്പർ 22401515 പ്രകാരം 48133/- രൂപയുടെ ചെക്ക് ഇഷ്യു ചെയ്തിട്ടുണ്ടെങ്കിലും ആയത് ബാ ചെയ്തിട്ടില്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നു.എന്നാൽ ബിൽ രജിസ്റ്റർ പരിശോധിച്ചപ്പോൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. ചെക്കിന്റെ വിലവിലെ സ്റ്റാറ്റസ് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. ചുവടെ കൊടുത്ത ബാങ്കുകളുടെ 31.03.2025 തീയ്യതിയിലെ വാർഷിക കണക്ക് RP 4( നീക്കിയിരിപ്പും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല, അ പൊരുത്തപ്പെടുത്തി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ്, വ എന്നിവയിലെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

| ക്രമ.നം | ബാങ്ക് | അക്കൗണ്ട് നമ്പർ | RP 40(B) പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് സ്റ്റേ പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 40225100108504 | 50302315 | 63693033 |
| 2 | കേരള ഗ്രാമീൺ ബാങ്ക് | 6204 | 439790 | 0 |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 67388498697 | 1443702 | 1909912 |
| 4 | യൂണിയൻ ബാങ്ക് | 703202010007306 | 216590 | 478731 |

5.കേരള ഗ്രാമീൺ ബാങ്കിന്റെ (A/C N0:40225110100047) റീകൺസിലിയേഷൻ സ്റ്റേ 21.05.2024ന്(വൗച്ചർ നമ്പർ:1240100890)12800/- രൂപയും 23.08.2024 ന് 15500/- രൂപയും ബാങ്കിന്റെ (A/C N0:40225101034341)റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 07.08.2024 തീ നമ്പർ:1240101937) 8750/- രൂപയും ചെക്കിലൂടെ ഡെപ്പോസിറ്റ് ചെയ്തത് നാളിത് വരെ ക്ലിയർ രേഖപ്പെടുത്തിയതായി കാണുന്നു. പരാമർശിത തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് ലഭ്യമാക്കേണ്ടതാണ്.

6.കേരള ഗ്രാമീൺ ബാങ്കിന്റെ (A/C N0:40225110100047) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രക 442/- രൂപയും 01.12.2023 ന് 8500/- രൂപയും ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തതായി കാണുന്ന ആവശ്യത്തിനാണെന്ന് വ്യക്തമല്ല. പരിശോധിച്ച് തുടർ നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/28.1 ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാ

## 1-18 സബ്സെന്ററുകൾ പെയിന്റിംഗ് നടത്തിയതിലെ അപാകത

പ്രൊജക്ട് : ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ SO (211

അടങ്കൽ : 324295(ഹെൽത്ത് ഗ്രാന്റ്)

വൗച്ചർ നമ്പർ : 22400690/23-10-2024 തുക 179400/-

വൗച്ചർ നമ്പർ : 22401244 /21-02-2025 തുക 40130

വൗച്ചർ നമ്പർ : 22400447/13-08-2024 തുക 9500

വൗച്ചർ നമ്പർ : 22400840/18-11-2024 തുക 40000

വൗച്ചർ നമ്പർ : 22401008/04-01-2025 തുക 15000

ആകെ ചെലവ് – 324030

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുമായി ബ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.P.H.C ക്ക് കീഴിലുള്ള സബ്സെന്ററുകൾ ആയുഷ്മാൻ ആരോഗ്യ മന്ദിറിന്റെ നിർദേശ പ്രകാരമുള്ള ലോഗോ വരച്ച് നെയിം ബോർഡ് എഴുതുന്നതിന് ഉത്തമൻ എൽ.ഇ.ഡി സൈൻആന്റ് ആ സ്ഥാപനത്തിന് 55000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ കുറ്റിപ്പാല സബ്സെന്ററിൽ നടത്തിയ രൂപയും വട്ടംകുളം സബ്സെന്ററിൽ നടത്തിയ വർക്കിന് 14000/- രൂപയും മൂളർ, പാലപ്പാറ സ നടത്തിയ വർക്കിന് 13000/- രൂപ വീതവുമാണ് നൽകിയിട്ടുള്ളത്. തുക നൽകിയതിന് അടിസ്ഥാനമാ എന്താണെന്നും ആയുഷ്മാൻ ആരോഗ്യ മന്ദിറിന്റെ നിർദേശപ്രകാരമുള്ള ഒരേ വർക്കിന് വ നൽകിയതിന്റെ കാരണവും വ്യക്തമല്ല.

2. മേൽ പദ്ധതിയിലേക്കാവശ്യമായ സ്റ്റേഷനറി വസ്തുക്കൾ ചുവടെ കൊടുക്കും പ്രകാരം വാങ്ങൽ നത്തി ആയതിന് വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | വാങ്ങൽ നടത്തിയ സ്ഥാപനം | ഇൻവോയ്സ് നമ്പർ | ചെലവഴിച്ച |
|---|---|---|---|
| 1 | ത്രിവേണി മെഗാ മർട്ട്, എടപ്പാൾ | 275/11/27686/09.01.25 | 40130 |
| 2 | വിജയ് ഓഫ് സെറ്റ് പ്രിന്റേഴ്സ് | 337/04.11.24 | 9500 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/28.10. ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതക്ക് വിശദീകരണം ലഭ്യമക്കേണ്ടതാ

## 1-19 ഹോമിയോ ആശുപത്രിയുടെ എച്ച്.എം.സി വാർഷിക കണക്കുകൾ പരിശോ ഹാജരാക്കിയിട്ടില്ല

ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) വട്ടംകുളം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 25 സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/23.10.25 ന് നൽകിയ മറുപടിയി കണക്കുകൾ ഓഫീസ് കാര്യാലയത്തിലേക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ വാർ ജില്ലാ ഓഡിറ്റ് കാര്യാലയത്തിലേക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 ബയോ കമ്പോസ്റ്റർ ബിൻ വിതരണം പദ്ധതി- അപാകതകൾ.

നിർവ്വഹണം - വി.ഇ.ഒ

പദ്ധതി : - 360/25, ബയോ കമ്പോസ്റ്റർ ബിൻ വിതരണം.

അടങ്കൽ - 1068620 (961110 CFC+ 648 തനത് ഫണ്ട് + 106862 ഗുണഭോക്തൃ വിഹിതം)

ചെലവ് - 961110 (CFC). വൗച്ചർ നം. ZVFC/2024-25/P/121/28.03.2025

പദ്ധതിയുടെ ഭാഗമായി ഇ-ടെണ്ടർ നോട്ടീസ് നം. VEO-01/2024-25/09.01.25 പ്രകാരം ടെ ലഭ്യമായ 5 സ്ഥാപനങ്ങളിൽ (SEUF, ALLEPPEY BIO TEC, VIJAY V NAIR, KAICO, Agro Pvt Ltd), Agro Flame Industries Pvt Ltd എന്ന സ്ഥാപനം ഒഴികെയുള്ളവ ഹാജരാക്കിയ ഉപക സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ അല്ല എന്ന് കാണിച്ച് അവയുടെ ടെണ്ടർ നിരസിച്ച് കൊണ Industriesന്റെ ടെണ്ടർ അംഗീകരിച്ച് കൊണ്ടുമുള്ള 15.03.2025ലെ 1(4) നമ്പർ ഭരണസമിതി 20.03.2025ന് സപ്ലൈ ഓർഡർ നൽകുകയും അന്ന് തന്നെ 202425000002446770 നമ്പർ ക ചെയ്തിട്ടുണ്ട്. മേൽ സ്ഥാപനത്തിൽ നിന്നും, യൂണിറ്റിന് 2380 രൂപ നിരക്കിൽ 449 എണ്ണം ബയോ ക ഇൻവോയ്സ് നം. 91-24/22.03.25 പ്രകാരം വിതരണം ചെയ്തതിനാണ് തുക അനുവദിച്ചത് .

വിലയിൽ 10% ഗുണഭോക്തൃ വിഹിതമായി ശേഖരിച്ച 238x449=106862 രൂപ വി.ഇ.ഒ ഗ്ര
അടവാക്കിയത് ചെലവഴിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബയോബിൻ വിതരണം സംബന്ധിച്ച, സ.ഉ.നം. 34/2024/LSGD/04.01.24 ഉൾപ്പെടെയുള്ള ഉത്ത ബയോ ബിന്നുകൾ സ്ഥാപിച്ച് കഴിഞ്ഞാൽ ആയതിന്റെ ജിയോ ടാഗിംഗ്, സ്ഥാപിച്ച ക ഗ്രാമപഞ്ചായത്ത് ഹരിത കർമ്മ സേന/കുടുംബശ്രീ തുടങ്ങിയവ വഴിയോ നടത്തേണ്ടതുണ്ട്. വിതരണ ബിന്നുകൾ ശരിയായ രീതിയിൽ സ്ഥാപിച്ച് പ്രവർത്തനം നടന്നു വരുന്നത് നിരീക്ഷിക്കുന്നതിനും വെക്കുന്ന രീതിയിൽ ചെലവ് തുകക്കുള്ള പ്രയോജനം ലഭിക്കുന്നതിനും ബയോബിന്നുകൾ യഥാസമയം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച ബയോബിന്നുകളുടെ ജിയോടാഗ ചെയ്തിട്ടില്ല. ആയതിന് നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച രേഖകളും ഫയലിൽ ഇല്ല.

2) Agro Flame Industries Pvt Ltd എന്ന സ്ഥാപനം ഒഴികെയുള്ളവ ഹാജരാക്കിയ ഉപകര സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ അല്ല എന്ന് കാണിച്ചാണ് അവയുടെ ടെണ്ടർ നിരസിച്ചത്. നോട്ടീസിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടി

3) ബയോ കമ്പോസ്റ്റർ ബിന്നുകൾ ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ ആണോ എന്ന പരിശോധിക്കുന്നതിന് സാംപിൾ പരിശോധന നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ ഹ

4) ജിയോ ടാഗിംഗ് പൂർത്തീകരിക്കാത്തതിനാൽ ബയോ കമ്പോസ്റ്റർ ബിന്നുകളുടെ വിലയിൽ 1 വിഹിതമായി പിരിച്ചെടുത്ത 106862 രൂപ ചെലവഴിക്കാതെ അവശേഷിക്കുകയാണ്.

5) ബയോ കമ്പോസ്റ്റർ ബിന്നുകൾക്ക് 3 വർഷ വാറണ്ടി ഉണ്ട് . എന്നാൽ വാറണ്ടിയു ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന് വാറണ്ടി സംബന്ധിച്ച രേഖകൾ ഒന്നും ഗുണഭോക്താക്കൾക്ക കാണുന്നില്ല.

6) സ.ഉ.നം. 34/2024/LSGD/04.01.24 ഉൾപ്പെടെയുള്ള ഉത്തരവുകൾ പ്രകാരം ബയോ ബിന്ന കഴിഞ്ഞാൽ ആയതിന്റെ ഉപയോഗം സംബന്ധിച്ച്, വിതരണം ചെയ്ത കമ്പനി ഗുണഭോക്താ ബോധവൽക്കരണം നൽകേണ്ടതും, വിതരണം ചെയ്ത ബയോ ബിന്നുകൾ ശരിയായ രീതിയിൽ സ്ഥാപ നടന്നു വരുന്നത് നിരീക്ഷിച്ച് ശരിയായ രീതിയിലുള്ള പ്രവർത്തനം ഉറപ്പ് വരുത്തേണ്ടതുമാണ്. എന്ന ബോധവൽക്കരണം നടത്തിയതിന്റേയോ പ്രവർത്തനം നിരീക്ഷിച്ചതിന്റേയോ രേഖകൾ ലഭ്യമാക്കിയി

7) പദ്ധതി മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 13/23 ലഭ്യമാക്കിയിട്ടില്ല. ക്രിയാത്മക നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം അപാകത ലഭ്യമാക്കേണ്ടതാണ്.

## 1-21 നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്കും പ്രൊജക്ട് രജിസ്റ്ററും എഴുതി സൂക്ഷിക്ക

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് ക്യാഷ്ബുക്ക്. കേരള ട്രഷ പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്ക നിർദ്ദേശിച്ചിട്ടുണ്ട്. റൂൾ 92 (A) (Iv) പ്രകാരം സ്ഥാപന തലവൻ എല്ലാ മാസാവസാനവും ക പരിശോധിച്ച് ക്യാഷ്ബുക്കിൽ തീയതി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ ത സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള ക സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഓഫീസിന്റെ വരവ്- ചെലവുകൾ പരിശോധിച്ചതിൽ ഓ മാതൃകയിലുള്ള കാഷ്ബുക്കിൽ പണമിടപാടുകൾ അക്കൗണ്ട് ചെയ്യുന്നില്ലെന്ന് വ്യക്തമായി. വി പ്രകാരമുള്ള തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേര്, അനുവദിച്ച തുക വിവരം രേഖപ്പെടുത്തുന്ന ര ബുക്ക് ആയി പരിശോധനക്ക് ലഭ്യമാക്കിയത്. ഇതിൽ ദൈനംദിന/ മാസാന്ത്യ/ വാർഷിക ക്ലോസി

സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടുമില്ല. വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ പദ്ധതി, ഫണ്ട്, ‹
അടങ്ങുന്ന പ്രൊജക്ട് രജിസ്റ്ററും സൂക്ഷിക്കുന്നതായി കാണുന്നില്ല.

നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്കും പ്രൊജക്ട് രജിസ്റ്ററും എഴുതി സൂക്ഷിക്കാത്തത് സംബന്ധിച്ച് അന്വേഷണ കുറിപ്പ് നം. 14/23.10.25 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തൻവർഷം മുതൽ നിർദ്ധി ക്യാഷ് ബുക്കും പ്രൊജക്ട് രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നതാണ് എന്നറിയിച്ചു. പൂർണ്ണ വിവരങ്ങൾ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-22 ഐ.ഇ.സി പ്രോഗ്രാം പദ്ധതി- ചെലവ് രേഖകൾ ,മറ്റ് അപാകതകൾ

വി.ഇ.ഒ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികളുടെ ചെലവ് രേഖകൾ പൂർണ്ണമായും പ ചെലവ് രേഖകൾ കൃത്യമായ വൗച്ചർ നമ്പറുകൾ ചേർത്ത് അതത് പദ്ധതി ചെലവ് ബില്ലിനൊപ്പം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(1) പദ്ധതി: - 228/25, ഐ.ഇ.സി പ്രോഗ്രാം.**

അടങ്കൽ - 100000 (70000 കേന്ദ്രാവിഷ്കൃത ഫണ്ട്+ 30000 തനത് ഫണ്ട്)

ചെലവ് - 14490 തനത് ഫണ്ട്. വൗച്ചർ നം. 22401071/19.01.2025

പദ്ധതിയുടെ ഭാഗമായി മേൽ വൗച്ചർ പ്രകാരമുള്ള തുക ശ്രീമതി. നജ്മത്ത് HI-ക്ക് നൽകിയിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കിയ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം/സ്ഥാപനം, ഇൻവോയ്സ് | തുക |
|---|---|---|
| 1 | സോന ബുക്ക്സ് 987/6.8.24 | 1000 |
| 2 | ഹോട്ടൽ ബുഷ്റ 628/7.8.24 | 8300 |
| 3 | വാട്ടർ ടിൻ | 70 |
| 4 | സോന ബുക്ക്സ് 987/6.8.24 | 775 |
| 5 | ഹോട്ടൽ ബുഷ്റ 628/7.8.24 | 2000 |
| | ആകെ | 12145 |

**(2) പദ്ധതി: - 208/25, മാലിന്യം ശുചിത്വം ഐ.ഇ.സി പ്രോഗ്രാം.**

അടങ്കൽ - 13200 (തനത് ഫണ്ട്)

ചെലവ് - 13200 തനത് ഫണ്ട്. വൗച്ചർ നം. 22401498/31.03.2025

പദ്ധതിയുടെ ഭാഗമായി മേൽ വൗച്ചർ പ്രകാരമുള്ള തുക ശ്രീമതി. നജ്മത്ത് HI-ക്ക് നൽകിയിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കിയ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം/സ്ഥാപനം, ഇൻവോയ്സ് | തുക |
|---|---|---|
| 1 | ഫോട്ടോ സ്കാൻ 1834/5.12.24 | 1600 |
| 2 | ഹോട്ടൽ ബുഷ്റ 685/ | 15220 |
| 3 | സൗണ്ട് | 1500 |
| | ആകെ | 18320 |

മേൽ പദ്ധതി രേഖകൾ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന

1) ക്രമ നം. 1 പദ്ധതി പ്രകാരം 14490 രൂപയുടെ ചെലവിൽ 12145 രൂപയുടെ രേഖകളാണ് ഹാജ രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) ക്രമ നം. 2 പദ്ധതി പ്രകാരം 13200 രൂപയുടെ ചെലവിന് 18320 രൂപയുടെ രേഖകൾ ഫയലിൽ ഫ 5120 രൂപയുടെ ചെലവ് രേഖകൾ അധികം.

3) രണ്ട് പദ്ധതി രേഖകൾ പ്രകാരമുള്ള ചെലവും, ബിൽ/വൗച്ചർ ചെലവും തമ്മിലുള്ള വ്യത്യാസം തുല ഓരോ പദ്ധതി ഫയലിലും വൗച്ചർ നമ്പറുകൾ അടിസ്ഥാനത്തിൽ അതത് പദ്ധതി ചെലവ് രേഖ ഹാജരാക്കിയിട്ടില്ലാത്തതിനാലും ഏത് ചെലവ് വൗച്ചർ ഏത് പദ്ധതിയുടേതാണ് എന്നത് പര വരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

4) തുക അനുവദിച്ച/അനുവദിക്കാൻ കൈമാറിയ ഇൻവോയ്സുകൾ ഒന്നും തന്നെ കാൻസൽ ചെ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർ നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപ ചെലവുകൾക്ക് ക്വട്ടേഷൻ നടപടികളും ആയതിന് മുകളിലുള്ള ചെലവുകൾക്ക് ടെണ്ട സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ രണ്ട് പദ്ധതികളിലേയും പട്ടി 2 പ്രകാരമുള്ള 5000 രൂപയിൽ അധികരിച്ച ചെലവുകൾക്ക്/ വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടികൾ കാണുന്നില്ല.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 15/23.10.25 നൽകിയത് പ്രകാ 3 അപാകതകളിൽ പരാമർശിച്ച, കുറവ് വന്ന രേഖകൾ ക്രമപ്പെടുത്തി ഹാജരാക്കുകയും ആ നിർവ്വഹണം ചെയ്യുന്നതു മൂലം ഇൻവോയുകൾ കാൻസൽ ചെയ്യാൻ വിട്ട് പോയതാണ് എന്നും ഭ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധി

## 1-23 വട്ടംകുളം PHC - 2019-20 മുതലുള്ള HMC വരവ് ചെലവ് കണക്കുകൾ ഓഡ സമർപ്പിച്ചില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ, വട്ടംകുളം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ 2019-20 മുതൽ 2024-25 വരെയുള്ള വരവ് ചെലവ് കണക്ക ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. HMC യുടെ വരവ് ചെലവ് കണക്കുകൾ നിശ്ചിത മാതൃകയിൽ ബ സഹിതം ഓഡിറ്റിനായി ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയ 25/23.10.2025ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് കാരണം വി HMC വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

## 1-24 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല/പുരോഗതിയില്ല

വിവിധ വർഷങ്ങളിലായി വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന നിർമ്മാണം പദ്ധതികൾ പ്രകാരം, ചുവടെ പട്ടികയിൽ ചേർത്ത ഗുണഭോക്താക്കൾ വിവിധ ഘഡു തുകകൾ എന്നാൽ അവസാനം അനുവദിച്ച ഘഡു കൈപ്പറ്റി ഒരു വർഷവും അധികവും കഴിഞ്ഞിട്ടും ന നിർമ്മാണത്തിൽ പുരോഗതിയോ പൂർത്തീകരണമോ കൈവരിച്ചതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ ആകെ കൈപ്പറ്റിയ തുക | അവസാനം കൈപ്പറ്റിയ തിയതി |
|---|---|---|---|
| | | ലൈഫ് ജനറൽ | |
| 1 | സുബിത C/O സുരേഷ് പി.വി | 40000 | 24.06.2023 |
| 2 | സുലൈഖ C/O ശംസുദ്ദീൻ | 40000 | 24.06.2023 |
| 3 | പ്രീത പ്രിയദർശിനി C/O രാജൻ | 40000 | 01.03.2024 |
| 4 | കാർത്ത്യായനി അമ്മ | 40000 | 04.05.2023 |
| 5 | റഹ്മത്ത് മണ്ണാരവളപ്പിൽ | 40000 | 11.05.2023 |
| 6 | നസീറ W/O മുഹമ്മദ് സലീം | 40000 | 12.06.2024 |
| | | ലൈഫ് എസ്.സി. | |

| | | | |
|---|---|---|---|
| 7 | മാളു പി.പി W/O വാസു | 200000 | 15.03.2023 |
| 8 | രാജേശ്വരി W/O രവി | 40000 | 05.03.2021 |
| 9 | ഉഷ മണ്ടകപ്പറമ്പിൽ | 160000 | 29.09.2022 |
| 10 | ബീന തടത്തിൽ പറമ്പിൽ | 160000 | 29.09.2022 |
| 11 | ജയലക്ഷ്മി W/O അനിൽകുമാർ | 160000 | 28.10.2022 |
| 12 | ശോഭ മോഹനൻ കളപ്പുരക്കൽ | 40000 | 08.11.2021 |
| 13 | പാറുകുട്ടി അമ്മ D/O നാരായണൻ നായർ | 160000 | 23.08.2022 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാതെ/പുരോഗതിയില്ലാതെ നില കാരണവും നടപടി വിവരവും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 35/3( ലഭ്യമായിട്ടില്ല)

## 1-25 അംഗനവാടി സ്മാർട്ടാക്കൽ പദ്ധതി അപാകതകൾ

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി: -കൊട്ടീരി 93ാം നമ്പർ അംഗനവാടി സ്മാർട്ടാക്കൽ (31/25)

അടങ്കൽ - 350000/-(150000 വികസന ഫണ്ട് ജനറൽ, 200000 മെയിന്റനൻസ് ഫണ്ട്-NR)

ചെലവ് - 110310/- (63060 വികസന ഫണ്ട് ജനറൽ, 47250 മെയിന്റനൻസ് ഫണ്ട്-NR)

(1) ബിൽ നം. 241512520354016304O3/21.03.2025 Rs. 63060

(2) ബിൽ നം. 24151252035401638144/22.03.2025 Rs. 47250

ഗ്രാമപഞ്ചായത്തിലെ കൊട്ടീരി 93ാം നമ്പർ അംഗനവാടി സ്മാർട്ടാക്കൽ പദ്ധതിയുടെ ഭാഗമായുള്ള ( അംഗനവാടിയിലെ പെയിന്റിംഗ്, ചുമർ ചിത്രം എന്നീ വർക്കുകൾ ജെം മുഖേനെ ഏറ്റെടുത്ത് ചെ Professionals Co-Operative Society, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് 1079/19.03.2025 (Rs. 47250) ന്റെ അടിസ്ഥാനത്തിൽ ക്രമ നം. (1) ബിൽ പ്രകാരമുള്ള തുകയി രൂപയും , ഇൻവോയ്സ് നം. IT/24-25L 1080/19.03.2025 ന്റെ അടിസ്ഥാനത്തിൽ ക്രമ നം. (2) ( 47250 രൂപയും അനുവദിച്ചിട്ടുണ്ട്. മേൽ രണ്ട് ഇൻവോയ്സുകൾ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്ന

| Sl. No | Invoice | Item | Quantity | Rate | Amount |
|---|---|---|---|---|---|
| 1 | IT/24-25L 1079/09.03.2025 (Rs. 47250) | Anganwadi Painting | - | - | 40042.37+18 GST |
| 2 | IT/24-25L 1080/09.03.2025 (Rs. 47250) | Anganwadi Painting | - | - | 40042.37+18 GST |
| Total | | | | | 2x47250=94: |

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്

1) ജെം പ്രകാരം 20ltr ബിറ്റുമെൻ പെയിന്റ് എന്നാണ് കാണിച്ചത്. എന്നാൽ ഇൻവോയ്സ് പ്രകാ ചിത്രം വര എന്നീ പ്രവൃത്തികൾ നടപ്പാക്കിയതിന് ഇൻവോയ്സിൽ എണ്ണം, വില/പ്രവൃത്തി ഏരിയ രേഖപ്പെടുത്താതെ, ഒരേ തിയതിയിലെ രണ്ട് ഇൻവോയ്സുകളിൽ ഒരേ ഇനത്തിന് ആകെ തുക ( അനുവദിക്കുകയാണ് ചെയ്തതത്. നേരിട്ട് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് മതിയായ സർക്കാ സ്ഥാപനമാണോ എന്നത് പരിശോധിക്കാതെയും ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും ആണ് പദ്ധ നടത്തിയത്.

**2)** പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച GO(P) 67/2021/Fin Dt 28.04.202 നിർദ്ദേശങ്ങൾക്കനുസൃതമായിട്ട് PMC/ Non PMC ആയിട്ടല്ലാതെയും, അതാത് പ്രവൃത്തിക്ക് ബാധ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നേടാതെയും, KPWD/ CPWD മാന്വൽ, പ്രസക്തമായ സർക്ക സർക്കുലറുകൾ എന്നിവ പാലിക്കാതെയുമാണ് പ്രവൃത്തി നടപ്പിലാക്കിയത്.

മേൽ പ്രവൃത്തി നടത്തിയതിൽ PWD മാന്വൽ പ്രകാരമുള്ള എം ബുക്ക്, ബിൽ എന്നിവയൊന്നും പ്രവൃത്തികൾക്ക് സ്ഥാപനം നിരക്ക് നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നതും വ്യക്തമ

**3) മരാമത്ത് പ്രവൃത്തി നടത്തുന്ന കരാറുകാരിൽ നിന്ന് ഈടാക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാ**

പ്രവൃത്തി നിർവ്വഹണം നടത്തിയ സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകിയതിന്റെ രേഖക ഹാജറാക്കിയിട്ടില്ല.

**4) പ്രവൃത്തി നടത്തിയതിന്റെ അളവ് വിവരം ലഭ്യമല്ല.**

സ്ഥാപനം നൽകിയ ഇൻവോയ്സ് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് രേ തയ്യാറാക്കിയിട്ടില്ല. നിശ്ചിത ഗുണനിലവാരപ്രകാരം പ്രവൃത്തി നടത്തിയോ എന്നത് നിർവഹണോ ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 29/27.10.2025 ന് മറുപടി ലഭ്യമാ

മേൽ IT Professionals Co-Operative Society എന്ന സ്ഥാപനം അംഗനവാടി പെയിന്റി നടത്തിയതിന്റെ അളവ്, വില വിവരം ഹാജരാക്കുകയും ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയ റിപ്പോർട്ട് ഹാജരാക്കുകയും ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കില്ല എന്ന് അറിയിക്കുകയും ഇത്തരം പ്രവൃത്തികൾ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് കൊണ്ട് നടപ്പാക്കാൻ ശ്രദ്ധിക്കേ

## 1-26 അനധികൃതമായി ഹോണറേറിയം കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല.

ലീവിൽ ആയിരുന്ന മെമ്പർമാർ അനധികൃതമായി കൈപ്പറ്റിയ ഹോണറേറിയം തിരി അവശേഷിക്കുന്നു. വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ വർഷം ഉൾപ്പെടെ അവധിയിലായിരു വിവരവും, ലീവിൽ ആയിരുന്ന മെമ്പർമാർ അനധികൃതമായി ഹോണറേറിയം കൈപ്പറ്റിയിട്ടുണ്ടെ വിവരവും , അനധികൃതമായി കൈപ്പറ്റിയ ഹോണറേറിയം തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആ ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മൂന്ന് തവണ ഓഡിറ്റ് (5/22.10.2025, 23 /27.10.2025, 34 /28.10.2025) നൽകിയെങ്കിലും മെമ്പർമാരുടെ ലീവിന്റെ വിവര രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയില്ല. താഴെ പറയുന്ന 4 മെമ്പർമാരിൽ നിന്നും തുക ഇ മാത്രമാണ് ലഭ്യമാക്കിയത്. ആയത് പരിശോധിക്കാനാവശ്യമായ രേഖകളൊന്നും ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങളും ഗ്രാമ പഞ്ചായത്ത് 27.12.2024 ന് ഇതുമായി ബന്ധപ്പെട്ട് വിവരവ നൽകിയ മറുപടിയിലെ വിവരങ്ങളും അനുസരിച്ച് തിരികെ ഈടാക്കാനവശേഷിക്കുന്ന തുകയു ചേർക്കുന്നു.

| ക്രമ നമ്പർ | മെമ്പർമാരുടെ പേര് | അവധി വിവരം | അവധിയിലിരിക്കെ കൈപ്പറ്റിയ ഹോണറേറിയം | തിരികെ ഈടാക്കിയ തുക | തിരികെ ഈടാക്കാനവ തുക |
|---|---|---|---|---|---|
| 1 | മൻസൂർ മരയങ്ങാട്ട് | 21.07.2023 മുതൽ 19.09.2023 വരെ, 9.11.2023 മുതൽ 6.01.2024 വരെ , 27.1.2024 മുതൽ 3 മാസം, 3.05.2024 മുതൽ 3 മാസം, | 54,000 | 21000 | 33000 |

| | | | | | |
|---|---|---|---|---|---|
| | | 10.10.2024 മുതൽ 6.12.2024 വരെ | | | |
| 2 | സുഹൈല സി.വി. | 20.12.2023 മുതൽ 2024 മെയ് വരെ | 40,000 | 40,000 | 0 |
| 3 | ഹസൈനാർ എം.വി. | 2023 ഏപ്രിൽ 1 മുതൽ ഒരു മാസം | 8000 | 8000 | 0 |
| 4 | അബ്ദുൽ മജീദ് | 29.01.2024 മുതൽ ഒരു മാസം | 8000 | 8000 | 0 |

തിരികെ ഈടാക്കാനവശേഷിക്കുന്ന 33000 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. ഓഡിറ്റ് വേ രേഖാമൂലം ആവശ്യപ്പെട്ടിട്ടും , ലീവിൽ ആയിരുന്ന മെമ്പർമാർ അനധികൃതമായി കൈപ്പറ്റിയ ഹോ വിശദ വിവരങ്ങളും ബന്ധപ്പെട്ട രേഖകൾ ഒന്നും ഓഡിറ്റിന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇക്കാര്യ അന്വേഷണം ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-27 പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ പൂർത്തീകരണ വിവരം /വിനിയോ ഹാജരാക്കിയിട്ടില്ല. പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് എൻക്വയറിക്ക് (22/27.10.2025) ഏതാനും പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. താഴെ പറയുന്ന പദ്ധതികളുടെ പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം കൂടി ലഭ്യമാക്കേണ്ട

| | | |
|---|---|---|
| 1. | പ്രൊജക്റ്റ്നമ്പറും പേരും | 390/25 , ചേകന്നൂർ പാടശേഖരത്തിൽ വൈദ്യുതി ലൈൻ മാറ്റി സ്ഥാപ (KSEB) |
| | അടങ്കൽ തുക | 92,600/( ധനകാര്യ കമ്മീഷൻ അവാർഡ്) |
| | ചെലവ് | 92,394/( ധനകാര്യ കമ്മീഷൻ അവാർഡ്) |
| | ബിൽ നമ്പർ | XVFC / 2024-25/P/106, 28.01.25 |
| 2 | പ്രൊജക്റ്റ്നമ്പറും പേരും | 151/25 , നടുവട്ടം ബ്യൂട്ടിഫിക്കേഷന് പൊതുമരാമത്ത് വകുപ്പിന് കൈമാറൽ |
| | അടങ്കൽ തുക | 10,00,000/( തനതു ഫണ്ട്) |
| | ചെലവ് | 10,00,000/( തനതു ഫണ്ട്) |
| | ചെക്ക് നമ്പർ | XY 5494443/ 14.08.2024 |
| 3 | പ്രൊജക്റ്റ്നമ്പറും പേരും | 213/25 , മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SOLAR VALLEY) |
| | അടങ്കൽ തുക | 5,00,000/( തനതു ഫണ്ട്) |
| | ചെലവ് | 5,00,000/( തനതു ഫണ്ട്) |
| | ചെക്ക് നമ്പർ | 369537/ 29.03.2025 |

മേൽ പദ്ധതികളുടെ പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വ 1592394രൂപ തടസ്സം ചെയ്യുന്നു.

## 1-28 ബിന്നുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട്നമ്പറും പേരും | 387/25 ,<br>ബിന്നുകൾ സ്ഥാപിക്കൽ |
| അടങ്കൽ തുക | 1,50,000/( തനതു ഫണ്ട്) |
| ചെലവ് | 30,000/( തനതു ഫണ്ട്) |
| ചെക്ക് നമ്പർ | 369538/ 30.03.2025 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം പൊതു ഇടങ്ങളിൽ ബിന്നുകൾ സ BSGST Agencies എന്ന സ്ഥാപനത്തിന് 30,000 കൈമാറിയിട്ടുണ്ട്. എന്നാൽ ബിന്നുകൾ സ്ഥാപ ലഭ്യമാക്കിയിട്ടില്ല. ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കുന്നത് വരെ ചെലവു തുക 30,000 രൂപ തടസ്സം ചെയ്യുന്നു. അപാകര നൽകിയ എൻക്വയറിക്ക് (26/27.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 അഡ്വാൻസ് നൽകിയ തുകക്കുള്ള മരുന്ന് ലഭ്യമായില്ല.

പദ്ധതി പേര്: അധിദരിദ്ര ഗുണഭോക്താക്കൾക്ക് മരുന്ന്

പദ്ധതി നമ്പർ : 25/2024-25

